"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് ക്ലാർക്ക് ശ്രീമതി നിഖില കെ യ്ക്ക് വയനാട് ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.406/2023/LSGD തീയതി,തിരുവനന്തപുരം, 15-02-2023

---

പരാമർശം:-

1. 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്
2. ശ്രീമതി നിഖില കെ യുടെ 22.11.2022 ലെ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 26.11.2022 ലെ സി4/53608/2022/ഡിസിഇ നമ്പർ സാക്ഷ്യപത്രം
4. പഞ്ചായത്ത് ഡയറക്ടറുടെ 24.01.2023 ലെ പാൻ/18429/2022-ഇ6/ഡിപി നമ്പർ കത്ത്.

ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വയനാട് ജില്ല യിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ ക്ലാർക്ക് തസ്തികയിൽ 22.06.2020 മുതൽ ജോലി ചെയ്യുന്ന ശ്രീമതി നിഖില കെ , വയനാട് ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. ശ്രീമതി നിഖില കെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 5 വർഷം പൂർത്തിയാക്കിയിട്ടില്ല. പരാമർ ശം ( 1 ) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(viii) & (ix) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. വയനാട് ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സ്ഥലം മാറ്റം നൽകുന്നതിന് അഞ്ചുവർഷത്തിനകം ഒഴിവ് ഉണ്ടാകില്ലെന്ന് പരാമർ ശം ( 3 ) പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീമതി നിഖില കെ യുടെ ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വയനാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി നിഖില കെ യ്ക്ക് വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ

ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി നിഖില കെ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം.
ശ്രീമതി നിഖില കെ, ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം (കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (15/ഇപിഎ1/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 17-02-2023 12:53:16